# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3128** — **20-06-2014 ൽ മറുപടിയ്ക്ക്**

## പാടശേഖര സമിതികൾ

| ചോദ്യം<br>ശ്രീമതി.കെ.കെ.ലതിക | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) പാടശേഖര സമിതികളുടെ ഘടനയും പ്രവർത്തനവും വിശദമാക്കുമോ; | (എ) ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഒരു സമിതിയാണ് പാടശേഖര സമിതി. ഓരോ പാടശേഖരത്തിലെയും കൃഷിക്കാരാണ് ഇതിലെ അംഗങ്ങൾ. കഴിയുന്നത്ര കാർഷിക പ്രവർത്തനങ്ങൾ കൂട്ടായി ചെയ്ത് ഉല്പാദനം കൂട്ടുകയാണ് സമിതിയുടെ പ്രവർത്തനം കൊണ്ട് ഉദ്ദേശിക്കുന്നത്. പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി, കമ്മിറ്റി അംഗങ്ങൾ എന്നിവരുൾപ്പെട്ട ഒരു ഭരണസമിതിയാണ് പാടശേഖര സമിതിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. |
| (ബി) നെൽകൃഷിയിൽ തൽപ്പരരായ കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തി പാടശേഖര സമിതികളെ പുന:സംഘടിപ്പിക്കുന്നതിനും കൂടുതൽ പേരെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ? | (ബി) നടപടികൾ സ്വീകരിക്കുന്നതാണ്. നെല്ലുല്പാദനം ലക്ഷ്യമാക്കി കൊണ്ടുള്ള കൃഷിവകുപ്പിന്റെ വിവിധ പദ്ധതികൾ പാടശേഖര സമിതികൾ മുഖേനയാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്ത് നെല്ലുല്പാദന വർദ്ധനവിനായി 2014-15 വർഷം സമഗ്ര നെൽകൃഷി വികസന പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷി വികസനം, നെൽകൃഷി വികസന ഏജൻസികൾക്കുള്ള ധനസഹായം, പ്രത്യേക നെല്ലിനങ്ങളുടെ പ്രോത്സാഹനം, പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനുള്ള ധനസഹായം എന്നിവ പാടശേഖര സമിതികളുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതികൾക്കായി 3352.00 ലക്ഷം രൂപ 2014-15 ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ